**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃക്കരിപ്പൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എം.രാജഗോപാലൻ എംഎൽഎ-യുടെ ആസ്തിവികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1524/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 10.05.2017

---

പരാമർശം - (1) 11.06.2012-ലെ നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) ധനകാര്യ വകുപ്പ് നോഡൽ ഓഫീസർക്ക് ശ്രീ . എം.രാജഗോപാലൻ എം.എൽ.എ. നൽകിയ 28.12.2016 തീയതിയിലെ കത്ത്.

(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.03.2017-ലെ ഡിബി5/2131/17/സിഇ/തസ്വഭവ(3) നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എം.രാജഗോപാലൻ, എം.എൽ.എ. "നീലേശ്വരം മുനിസിപ്പാലിറ്റിയിൽ സിമന്റ് ഗോഡൗൺ- പാണ്ടിക്കോട് റോഡ് ടാറിംഗ് ", "നീലേശ്വരം മുനിസിപ്പാലിറ്റിയിൽ അങ്കക്കളരി-കഞ്ഞിത്താനം പള്ളം റോഡ് ടാറിംഗ്" എന്നീ പ്രവൃത്തികൾക്ക് നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എം.രാജഗോപാലൻ, എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും താഴെ പറയുന്ന 2 പ്രവൃത്തികൾക്ക്, ആകെ അടങ്കൽ തുകയായ 50 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും, വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പ്രോജക്റ്റ് ഐ.ഡി | വർക്കിന്റെ പേര് | എസ്റ്റിമേറ്റ് തുക (രൂപ) |
|---|---|---|---|
| 1 | 2077 | നീലേശ്വരം മുനിസിപ്പാലിറ്റിയിൽ സിമന്റ് ഗോഡൗൺ - പാണ്ടിക്കോട് റോഡ് ടാറിംഗ് | **25 ലക്ഷം** |
| 2 | 2078 | നീലേശ്വരം മുനിസിപ്പാലിറ്റിയിൽ അങ്കക്കളരി-കഞ്ഞിത്താനം പള്ളം റോഡ് ടാറിംഗ് | 25 ലക്ഷം |

4. ആയതു സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. ലംപ്സം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവുകൾ യഥാർഥത്തിലുള്ള ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായും ആകേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ.എം.രാജഗോപാലൻ, എം.എൽ.എ, തൃക്കരിപ്പൂർ നിയോജക മണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, നീലേശ്വരം മുനിസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (നം:833/എൻ.സി.സി1/17/ധന)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ
പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ